**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **30-01-2024 - ൽ മറുപടിയ്ക്ക്**

**നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണത്തിന് നൽകേണ്ട എന്ന നികുതി വകുപ്പ് തീരുമാനം ശരിവച്ച കേരള ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവ് നിലനിൽക്കേ പ്രസ്തുത കുടിശികക്കാർക്ക് മദ്യം വിതരണം ചെയ്യുവാൻ അനുമതി തേടി ബിവറേജസ് കോർപ്പറേഷൻ എം.ഡി. സർക്കാരിലേക്ക് കത്ത് നൽകിയിരുന്നോ; ആ കത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നികുതി കുടിശിക വരുത്തിയ ബാർ ഹോട്ടലുകൾക്ക് മദ്യം വിതരണം ചെയ്യുന്നതിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് ബിവറേജസ് കോർപ്പറേഷൻ കത്ത് സമർപ്പിച്ചിരുന്നു. ആയതിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ബാറുകൾക്ക് മദ്യ വിതരണം നിർത്തലാക്കുന്നത് കുറഞ്ഞത് 10 ദിവസത്തെയെങ്കിലും ദൈർഘ്യമുള്ള നോട്ടീസ് നൽകിക്കൊണ്ട് നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ഇത് ബാധകമായ ബാറുകളുടെയും ബിയർ & വൈൻ പാർലറുകളുടെയും പട്ടിക ലഭ്യമാക്കുവാൻ സംസ്ഥാന ജി.എസ്.ടി. കമ്മീഷണറോട് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകൾ ലാഭ ശതമാനം കുറച്ച് കാട്ടി ടി.ഓ.ടി. (ടേൺ ഓവർ ടാക്സ്) അടയ്ക്കുന്നതിൽ കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ ലാഭ ശതമാനം കുറച്ചുകാട്ടി ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിന് കുറവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ലാഭശതമാനം കുറച്ചുകാണിച്ച് TOT അടയ്ക്കുന്നതിൽ കുറവ് വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഇന്റലിജൻസ് ആക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് യഥാർത്ഥ വില്പന കണക്ക് പുറത്തുകൊണ്ടുവരുന്നതിനും നികുതി അടപ്പിക്കുന്നതിനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്. 2017 ന ശേഷമുള്ള വിവിധ കാലയളവിൽ ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തിയതിന്റെ ഫലമായി ഏകദേശം 1572.43 ലക്ഷം രൂപയുടെ നികുതി വെട്ടിപ്പ് |

| | | | |
|---|---|---|---|
| | | | കണ്ടെത്തുകയും അവർക്കെതിരെ നിയമ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ബാർ ഹോട്ടലുകളിൽ ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അതാത് വർഷങ്ങളിൽ പരിശോധന നടത്തി യഥാർഥ വിൽപന കണക്കിലും നികുതി റിട്ടേണുകളിലെ ടി.ഓ.ടി.യിലും കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നികുതി റിട്ടേണുകളിലെ ടേൺഓവർ ടാക്സിൽ കുറവ് വന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അത്തരം ബാർ ഹോട്ടലുകൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ